## പതിമൂന്നാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 287 | 30.11.2015-ൽ മറുപടിക്ക്

## കോൺഗ്രസ്സ് പ്രവർത്തകൻ കൊല ചെയ്യപ്പെട്ട സംഭവം

**ചോദ്യം**

**ശ്രീ. കെ.വി.അബ്ദുൾ ഖാദർ**

(എ) ചാവക്കാട്ട് കോൺഗ്രസ്സ് പ്രവർത്തകനായ എ. സി. ഹനീഫ കൊല ചെയ്യപ്പെട്ട സംഭവം സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം കോൺഗ്രസ്സ് പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; കൊലപാതകം നടത്തിയവരും അതിന് ഗൂഢാലോചന നടത്തിയവരും ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടോ;

**മറുപടി**

**ശ്രീ. രമേശ് ചെന്നിത്തല**

(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി)

(എ) ചാവക്കാട് കോൺഗ്രസ് പ്രവർത്തകനായ ഹനീഫ കൊല്ലപ്പെട്ടത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ക്രൈം 1264/15 കേസിൽ 1) ഷെമീർ, S/o. ഉബൈദ്, 2) അൻസാർ, S/o. ഹനീഫ, 3) അഫ്സൽ, S/o. നൂറുദ്ദീൻ, 4) ഷംസീർ, S/o. ഷാഹു, 5) റിൻഷാദ്, S/o. റസ്സാക്ക്, 6) ഫസലു @ ഫസലുദ്ദീൻ, S/o. സെയ്തുമുഹമ്മദ്, 7) സിദ്ദിഖ്, S/o. അബ്ദുള്ളക്കുട്ടി, 8) സൈനുൽ ആബിദ് @ ആബിദ്, S/o. സൈനുദ്ദീൻ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ആദ്യത്തെ 3 പ്രതികൾ കൂടിചേർന്നാണ് കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്തിട്ടുള്ളത്. 4 മുതൽ 8 വരെയുള്ള പ്രതികളാണ് കൊലപാതകം നടത്തിയ പ്രതികൾക്ക് സംഭവ സ്ഥലത്ത് നിന്നും രക്ഷപ്പെടുന്നതിനും ഒളിവിൽ താമസിക്കുന്നതിനും തെളിവു നശിപ്പിക്കുന്നതിനും സഹായികളായി പ്രവർത്തിച്ചിട്ടുള്ളത്. ഈ കേസിൽ ഇനി ആരെയും അറസ്റ്റ് ചെയ്യുവാൻ ബാക്കിയില്ല. കൊലപാതകവുമായി ബന്ധപ്പെട്ട് ഗൂഢാലോചന നടന്നതായി അന്വേഷണത്തിൽ വെളിവായിട്ടില്ല. ആയതിന്റെ

| | |
|---|---|
| | പേരിൽ ആരെയും പ്രതി ചേർക്കുകയോ അറസ്റ്റ് ചെയ്യുകയോ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിന് രജിസ്റ്റർ ചെയ്ത ചാവക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നം. 1264/15 കേസിന്റെ കുറ്റപത്രം ബഹു: കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) കോൺഗ്രസ്സ് പ്രവർത്തകൻ ഹനീഫയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ഗുരുവായൂർ ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റി പിരിച്ച് വിടപ്പെട്ട സംഭവം കേസ് അന്വേഷിക്കുന്ന പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) മാധ്യമ വാർത്തകളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) സംഭവത്തെ തുടർന്ന് കോൺഗ്രസിന്റെ പ്രാഥമിക അംഗത്വത്തിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട ബ്ലോക്ക് പ്രസിഡന്റ് ഗോപപ്രതാപനെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ